## ജി വി എച്ച് എസ് വേങ്ങര

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26








# താളുകളിൽ


- ആമുഖം
- ലക്ഷ്യങ്ങൾ
- സ്കൂൾ കലണ്ടർ
- പ്രവർത്തനങ്ങൾ
- സൗകര്യങ്ങൾ
- പ്രശ്നങ്ങൾ
- കുറവുകൾ
- പരിഹാരങ്ങൾ
- മാസ്റ്റർ പ്ലാൻ

# ആമുഖം

അരനൂറ്റാണ്ടിലധികമായി വേങ്ങരയിലേയും പരിസര പ്രദേശങ്ങളിലേയും ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ദിശാബോധം നൽകുന്ന ഈ സ്ഥാപനം മലപ്പുറം ജില്ലയിലെ ഊരകം പഞ്ചായത്തിലെ എട്ടാം കല്ലിൽ കെ മുഹമ്മദ് നഹ സംഭാവന ചെയ്ത 3.25 ഏക്കറിൽ 1957 ൽ സ്ഥാപിതമായി. നേരത്തെ വേങ്ങരയിലെ ബോർഡ് ഹയർ എലമെന്ററി സ്കൂളായിരുന്ന ഈ സ്ഥാപനത്തെ ഹൈസ്കൂളായി ഉയർത്തി. 1960 ൽ ആണ് സ്കൂളിന് സ്ഥിരാംഗീകാരം ലഭിച്ചത്. 1960-61 ൽ ഇവിടുത്തെ ആദ്യ SSLC ബാച്ച് പുറത്തുവന്നു. 40 പേർ പരീക്ഷ എഴുതിയതിൽ 16 പേർ പാസ്സായി. 1965 ൽ ആണ് ഇവിടെ പരീക്ഷാ സെന്റർ അനുവദിക്കപ്പെട്ടത്. റിസൾട്ട് പടിപടിയായി ഉയരുകയും 1985 ൽ ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ ഒന്നാം സ്ഥാനത്തെത്തുകയും ചെയ്തു. പിന്നീട് 1997 ൽ വൊക്കേഷണൽ ഹയർ സെക്കന്ററിയും 2004 ൽ ഹയർ സെക്കന്ററിയും നിലവിൽവന്നു.

എല്ലാ മേഖലയിലും സ്കൂൾ നല്ല നിലവാരം പുലർത്തുന്നു. കെട്ടിട സൗകര്യത്തിൽ സ്കൂൾ ഭേദപ്പെട്ട നിലയിലാണെങ്കിലും ഇനിയും കൂടുതൽ സൗകര്യങ്ങൾ ആവശ്യമുണ്ട്. ഹൈസ്കൂൾ സെഷനിൽ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലായി 905 കുട്ടികൾ പഠിക്കുന്നു. ഇതിൽ 514 ആൺകുട്ടികളും 391 പെൺകുട്ടികളും പഠിക്കുന്നു. 40 അധ്യാപകരും 5 നോൺ ടീച്ചിംഗ് സ്റ്റാഫും ഈ വിഭാഗത്തിൽ ജോലി ചെയ്യുന്നുണ്ട്.

## ജി വി എച്ച് എസ് വേങ്ങര അന്താരാഷ്ട്ര നിലവാരത്തിലേക്ക്

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 1000 ഗവ.സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി മികവിന്റെ കേന്ദ്രമാക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി വേങ്ങര നിയോജക മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുത്തത് ജി വി എച്ച് എസ് വേങ്ങരയെയാണ്. ഭൗതിക വികസനത്തിന്റെ ഭാഗമായി അക്കാഡമിക് സൗകര്യങ്ങളും ശിശു സൗഹൃദ ചുറ്റുപാട് തയ്യാറാക്കൽ , മാലിന്യ സംസ്കരണം ,പ്രകൃതിസൗഹൃദ വിദ്യാലയം എന്നിവ വിഭാവനം ചെയ്തു. എല്ലാ ഹെസ്കൂൾ ക്ലാസ് റൂമുകളും ഹൈടെക്ക് ക്ലാസ് റൂമുകളാക്കി മാറ്റി. പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക കായിക രംഗങ്ങളിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും ശ്രമിച്ചു വരുന്നു.

## മോഡൽ സ്കൂൾ നിലവാരത്തിലേക്ക് ജി വി എച്ച് എസ് വേങ്ങര

കേരളം ലക്ഷ്യമിടുന്നത് ഒരു വൈജ്ഞാനിക സമൂഹമാണ്. അറിവുൽപാദിപ്പിക്കാനും അവ പ്രയോഗിച്ച് പ്രശ്ന പരിഹരണം നടത്താനും കഴിയുന്ന തലമുറ വളർന്നു വരണം. വിദ്യാഭ്യാസ പ്രക്രിയയിലൂടെ സമഗ്രവികസനം കൈവരിക്കുന്നതിലൂടെ മാത്രമേ അത്തരമൊരു ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. അന്താരാഷ്ട്ര നിലവാരത്തിലേക്ക് പഠനനിലവാരം ലക്ഷ്യമിടുന്നതും ഈ തലത്തിലേക്ക് കുട്ടികളെ കൈപിടിച്ചുയർത്തുവാനും കഴിയണം. അക്കാഡമിക മികവിലൂടെ വിദ്യാലയ മികവ് എന്ന കാഴ്ചപ്പാടാണ് പദ്ധതി മുന്നോട്ട് വെക്കുന്നത്. ലോകത്തിലെ ഏതൊരു വികസിത സമൂഹത്തിലെ കുട്ടികളോടും കിടപിടിക്കാവുന്ന പഠനനിലവാരമുണ്ടാക്കലും സാധ്യമാണെന്ന് ആത്മവിശ്വാസത്തോടെ പറയാൻ കഴിയുന്ന മാതൃകാവിദ്യാലയങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഇതിനു വേണ്ടി 2023-24 വർഷത്തിൽ കേരള ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതിയിൽ മലപ്പുറം ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത ഏക വിദ്യാലയമാണ് വേങ്ങര ഗവ ഹയർ സെക്കന്ററി സ്കൂൾ എന്ന് ഞങ്ങൾ അഭിമാനത്തോടെ പറയുന്നു.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും എഴുത്തും വായനയും
- വായന കൂട്ടം എഴുത്തു കീട്ടം
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ
- ദിനാചരണ പ്രവർത്തനങ്ങൾ
- ഇംഗ്ലീഷ് ഭാഷാശേഷി വികസനം
- കുട്ടികളിൽ ദേശീയ ബോധം വളർത്തുന്നു
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുന്നു
- സാമൂഹിക പ്രതിബദ്ധത വളർത്തുന്നു
- മതനിരപേക്ഷത വളർത്തുന്നു
- ചരിത്ര ബോധം സൃഷ്ടിക്കുന്നു
- പൗരബോധം വളത്തി ജീവ കാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുക
- നിയമ സാക്ഷരത ബോധം എന്നിവ കുട്ടികളിൽ വളർത്തുക
- ശാസ്ത്രീയ വിജ്ഞാനം ഉൽപാദിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു
- ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കാൻ ഭൗതിക സാഹചര്യം ഒരുക്കുന്നു
- പാരമ്പര്യേതക ഊർജ്ജ സ്രോതസുകൾ ഉപയോഗപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക
- ജൈവ കൃഷി രീതികൾ കുട്ടികൾ പരിചയപ്പെടുക
- പ്രകൃതി സൗഹൃദ കാഴ്ചപ്പാട് രൂപപ്പെടുത്തുക
- സസ്യജാലങ്ങളെയും ജന്തുജാലങ്ങളെയും കുറിച്ച് അറിയുക.
- ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക
- ഗണിത പഠനത്തിൽ താൽപര്യം ഉണ്ടാക്കുന്നതിനും ഗണിത പഠനം എളുപ്പമാക്കാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കുക
- കുട്ടികളിൽ നേതൃപാഠവം വളർത്തുക
- ആരോഗ്യകരമായ ജീവിത ശീലങ്ങളും മനോഭാവവും വളർത്തിയെടുക്കുക
- ശാസ്ത്ര -സാങ്കേതിക വിദ്യകൾ മനസ്സിലാക്കുകയും അതിന്റെ ഗുണഭോക്താക്കളാകാനും കുട്ടികളെ പാരാപ്തമാക്കുക
- കമ്പ്യൂട്ടർപഠന ശാഖയിലെ നൂതന രീതികൾ ഉൾകൊള്ളുകയും പ്രയോഗിക്കുകയും ചെയ്യുക.
- കുട്ടികളിലെ കലാപരമായ കഴിവുകളെ കണ്ടെത്തി സർഗ്ഗാത്മകത വളർത്തുകയും പ്രോത്സാഹിക്കുകളും ചെയ്യുക.
- ലൈബ്രറി ഉപയോഗം കാര്യക്ഷമമാക്കുക

## പ്രവർത്തനങ്ങൾ

- പഠനശേഷി വർദ്ധിപ്പിക്കാൻ ആവിശ്യമായ ഹ്രസ്വ കാല ദീർഘകാല പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- കുട്ടികളുടെ രചനാപരമായ പ്രവർത്തനങ്ങൾ പരിപോഷിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു
- ദിനാചരണങ്ങളിലൂടെ കുട്ടികളെ സാമൂഹ്യ പ്രതിബദ്ധരാക്കുന്നു
- സാഹിത്യ കൃതികൾ ആസ്വദിക്കാനും സൃഷ്ടിക്കാനും പ്രാപ്തരാക്കുന്നു
- സാംസ്കാരിക കേരളത്തിന്റെ കാലാപാരമ്പര്യം ചരിത്രം എന്നിവ തിരിച്ചറിയുന്നു
- പരിശീലന കളരിയിലൂടെ കഴിവുകളുടെ പരിപോഷണം നടത്തുന്നു
- ജൈവ വൈവിദ്ധ്യം തിരിച്ചറിയാനും പ്രകൃതിയെ സ്നേഹിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു
- കൃഷിയുടെ പ്രാധാന്യം ഉൾക്കൊള്ളാനും ശാസ്ത്രീയമായ രീതിയിൽ കൃഷിയെ മാറ്റാനുമുള്ള പ്രവർത്തനങ്ങൾ
- ശാസ്ത്ര പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പദ്ധതികൾ
- കുട്ടികളിൽ ശാസ്ത്രീയ ബോധം വളർത്തുകയും പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാനും വേണ്ട പ്രവർത്തനങ്ങൾ
- ശാസ്ത്രമാഗസിൻ നിർമ്മാണം,സെമിനാർ,ശില്പശാല,എക്സിബിഷനുകൾ ,ഫീൽഡ് ട്രിപ്പ് എന്നിവ നടപ്പിലാക്കുന്നു.
- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന താൽപര്യം വളർത്താൻ വേണ്ട പഠന സാമഗ്രികൾ നിർമ്മിക്കുക,ഗണിത ക്ലബ്ബ് രൂപീകരണം,ഗണിത മേളയിൽ പങ്കെടുപ്പിക്കൽ
- സ്കൂൾ അസംബ്ലി ,സ്കൂൾ പാർലമെന്റ് എന്നിവ നടത്തുന്നു.
- യോഗ, കരാട്ടേ പരിശീലനം, എയിറോബിക്സ്,കായിക ക്ഷമത പരിശീലനം .
- സംയോജിത വിദ്യാഭ്യാസത്തിനു വേണ്ടി ഭിന്നശേഷി വിദ്യാർത്ഥികൾക്ക് വേണ്ട പഠന പദ്ധതികൾ

## സൗകര്യങ്ങൾ

- ശ്രദ്ധ,വിജയസ്പർശം തുടങ്ങിയ പദ്ധതികൾ
- ലൈബ്രറി,റീഡിംഗ് റൂം
- സ്മാർട്ട് ക്ലാസ് റൂം
- ഐ ടി ലാബ്
- സയൻസ് ലാബ്
- സാമൂഹ്യ ശാസ്ത്ര ലാബ്
- വിശാലമായ ഗ്രൗണ്ടുകൾ
- IED കുട്ടികൾക്ക് വേണ്ടി പ്രത്യേകം സംവിധാനം ചെയ്ത റിസോഴ്സ് റൂം
- കുട്ടികളുടെ മാനസിക പിന്തുണക്കും പ്രശ്ന പരിഹരണത്തിനും വേണ്ടിയുള്ള കൗൺസിലർ റൂം
- SPC,JRC, ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ
- ഹൈടെക്ക് ക്ലാസ് റൂം

### പ്രശ്നങ്ങൾ

- ഒാരോ ക്ലാസ്സിലേയും കുട്ടികളുടെ പഠന പുരോഗതിക്ക് ആവശ്യം വേണ്ട ധാരണ,കഴിവ് എന്നിവയുടെ അഭാവം
- ഇംഗ്ലീഷ്,ഹിന്ദി, അറബി,ഉറുദു എന്നീഭാഷാവിഷയങ്ങളിലുള്ള പ്രയോഗ സാമർഥ്യത്തിന്റെ കുട്ടികളിലുള്ള കുറവ്
- ഒരു അധ്യയന വർഷത്തിടയിലുള്ള അധ്യാപകരുടെ സ്ഥലം മാറ്റം
- വിദ്യാർത്ഥികളുടെ പഠന കാര്യത്തിൽ രക്ഷിതാക്കളുടെ ഇടപെടലുകളുടെ അപര്യാപ്തത
- മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവിലുള്ള കുറവ്
- കുട്ടികളുടെ തനതു കഴിവുകളെ പ്രോത്സാഹിപ്പിക്കാനുള്ള ബുദ്ധിമുട്ട്
- കുട്ടികളിലെ താൽപര്യക്കുറവ്
- പദ്ധതികൾ നടപ്പിലാക്കാനുള്ള സാമ്പത്തിക പ്രശ്നം

### കുറവുകൾ

- 
- ഇ വായനക്കുള്ള അസൗകര്യം
- ക്ലാസ് ലൈബ്രറിക്കാവശ്യമായ ഭൗതിക സാമഗ്രികളുടെ കുറവ്
- വിജയസ്പർശം, ശ്രദ്ധ എന്നിവക്കാവശ്യമായ ക്ലാസ് റൂമുകളുടേയും പഠന സാമഗ്രികളുടേയും അഭാവം കലാധ്യാപകരുടെ കുറവ്
- ഹൈസ്കൂൾ തലത്തിൽ പ്രവർത്തി പരിചയ അധ്യാപരുടെ കുറവ്
- ഡിജിറ്റൽ ക്ലാസ് റൂമിന്റെ കുറവ്
- സ്പോർട്സ് ഉപകരണങ്ങളുടെ കുറവ്

### പരിഹാരങ്ങൾ

- കുട്ടികളുടെ പഠന നിലവാരം അറിയുന്നതിന് ജൂൺ ആദ്യം പ്രീ ടെസ്റ്റ് നടത്തിപ്രശ്നങ്ങൾ കണ്ടെത്തി പരിഹരണ പ്രവർത്തനങ്ങൾ നടത്തുക
- പിന്നോക്കാവസ്ഥ പരിഹരിക്കാൻ വർക്ക് ഷോപ്പുകൾ നടത്തുക
- SRG,ക്ലാസ് പി ടി എ , പി ടി എ യോഗങ്ങൾ എന്നിവിടങ്ങളിൽ അവതരിപ്പിച്ച് ബോധ്യപ്പെടുത്തുക
- എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പു വരുത്തുന്ന രീതിയിൽ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ICT സാധ്യത പ്രയയോജനപ്പെടുത്തി കുട്ടികളിലെ താൽപര്യം വളർത്തുക
- ഭൗതിക സാഹചര്യങ്ങൾ,പി ടി എ പൂർവ്വ വ്ദ്യാർത്ഥി സംഘടനകളേയും ഉൾപ്പെടുത്തി പരിഹരിക്കുക
- ബോധവൽകരണ ക്ലാസുകൾ നൽകുന്നു
- കൗമാര വിദ്യാഭ്യാസം നൽകുന്നു
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യ ഫലങ്ങൾ പ്രതിപാദിക്കുന്ന സെമിനാറുകളും ക്ലാസുകളും നൽകുന്നു
- കലാകായിക രംഗങ്ങളിൽ വിദഗ്ധരെ പുറമേ നിന്ന് കൊണ്ട് വന്ന് പരിശീലനം നൽകുന്നു
- പഠനയാത്രകളും ഫീൾഡ് ട്രിപ്പുകളും നടത്തുന്നു
- ടാലന്റ് ഗ്രൂപ്പുകൾക്ക് വേണ്ടി വിദഗ്ധരെ ഉപയോഗപ്പെടുന്നു

| കുട്ടികളിൽ വികസിക്കേണ്ട പൊതു ധാരണകൾ | | | | | |
|---|---|---|---|---|---|
| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക | -വീഡിയോ പ്രദർശനം<br>-പോസ്റ്റർ രചന<br>-ബോധവൽക്കരണ ക്ലാസ്<br>-ക്ലാസ് മാഗസിൻ തയ്യാറാക്കൽ | ജൂൺ 3 | അധ്യാപകർ | |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോഴും വാഹനങ്ങളിൽ സഞ്ചരിക്കുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച്, ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക | -റോഡ് മുറിച്ച് കടക്കേണ്ട രീതിയെ കുറിച്ചും റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ചർച്ച.<br>-റോഡ് നിയമങ്ങൾ,ട്രാഫിക് സിഗ്നലുകൾ വീഡിയോ പ്രദർശനം.<br>-സുരക്ഷിതയാത്ര എന്ന ആശയത്തെ ആസ്പദമാക്കി മുദ്രാവാക്യം, പതിപ്പ് തയ്യാറാക്കൽ. | ജൂൺ 4 | അധ്യാപകർ | |
| 3 | വ്യക്തി ശുചിത്വത്തിന്റെയും പരിസര ശുചിത്വത്തിന്റെയും ആവശ്യകത ബോധ്യപ്പെടുക<br><br>ജീവിതരീതി ജീവിതശൈലി മനോഭാവം എന്നിവയിൽ ശാസ്ത്രീയമായ മനോഭാവം കൈക്കൊള്ളുന്ന തലമുറയെ വളർത്തിയെടുക്കുക | -ഊരകം കൃഷിഭവന്റെ നേതൃത്വത്തിൽ കാർഷിക ബോധവൽക്കരണ ക്ലാസ്.<br>-വ്യക്തി ശുചിത്വത്തിൽ നിന്ന് പരിസര ശുചിത്വത്തിലേക്ക് എന്ന വിഷയത്തിൽ സെമിനാർ അവതരണം<br>-വിദ്യാലയത്തെ ഹരിതാഭമാക്കാൻ വേണ്ടി ഫലവൃക്ഷത്തൈകൾ നടൽ<br>-പോസ്റ്റർ നിർമ്മാണം | ജൂൺ 5 | അധ്യാപകർ | |
| 4 | പൊതു ആരോഗ്യത്തെക്കുറിച്ചും, കായിക ക്ഷമതയെക്കുറിച്ചും വ്യായാമത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ധാരണ കൈവരിക്കൽ | -വിവിധ വ്യായാമം മുറകൾ കാണിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു<br>-പോസ്റ്റർ നിർമ്മാണം<br>-ബോധവൽക്കരണ ക്ലാസ് | ജൂൺ 9 | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | ഡിജിറ്റൽ ഉപകരണങ്ങളും സാമൂഹിക മാധ്യമങ്ങളും വിവോ വിവേകത്തോടെയും വിവേചന ബുദ്ധിയോടെയും എങ്ങനെ ഉപയോഗിക്കണം എന്നുള്ള കൃത്യമായ ധാരണ കുട്ടികൾക്ക് ഉണ്ടാക്കൽ<br><br>സൈബർ കുറ്റകൃത്യങ്ങളിൽ അകപ്പെടാൻ ഉള്ള സാഹചര്യം ഒഴിവാക്കൽ<br><br>ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നതിനു ഡിജിറ്റൽ അച്ചടക്കം പാലിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക | ഡിജിറ്റൽ അച്ചടക്കത്തെ സംബന്ധിക്കുന്ന ധാരണ കുട്ടികളിൽ വികസിപ്പിക്കുന്നതിനായി സൂചനങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ച | ജൂൺ 10 | അധ്യാപകർ | |
| 6 | പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തൽ | -ചർച്ച<br>-കുറിപ്പ് തയ്യാറാക്കൽ | ജൂൺ 11 | അധ്യാപകർ | |
| 7 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ<br><br>വികാരങ്ങൾക്ക് അടിമപ്പെട്ട് പോകാതെ സന്ദർഭാനുസരണം പെരുമാറാനുള്ള പരിശീലനം കുട്ടികൾക്ക് ലഭ്യമാക്കുക | - സ്കൂളുമായി ബന്ധപ്പെട്ട കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾയുടെ അടിസ്ഥാനത്തിൽ ചർച്ച<br>- വീഡിയോ പ്രദർശനം | ജൂൺ 12 | അധ്യാപകർ | |

| മലയാളം | | | | | |
|---|---|---|---|---|---|
| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരമുറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ | 2 മാസം | പി.ടി.എ, അധ്യാപകർ | |
| 2 | കുട്ടിയെ മികച്ച വായനക്കാരക്കുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരണം<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന<br>പുസ്തക ചർച്ച, വായനാനുഭവം<br>വിദ്യാരംഗം കലാസാഹിത്യവേദി<br>ദിനാചരണം, ഇ-വായന | 5 മാസം | പി.ടി.എ, അധ്യാപകർ | |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരക്കുക | വായനാനുഭവം<br>വിദ്യാരംഗം കലാസാഹിത്യവേദി<br>ദിനാചരണം<br>ഇ-വായന<br>എഴുത്തുകൂട്ടം രൂപീകരണം<br>പുസ്തക ചർച്ച<br>വായനക്കുറിപ്പ്,പതിപ്പ്<br>വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>ചുമർപത്രിക,പതിപ്പ് തയ്യാറാക്കൽ<br>വ്യക്തിഗത രചന, സംഘ രചന<br>ഭാഷ പ്രോജക്ട് | 5 മാസം | പി.ടി.എ, അധ്യാപകർ | |
| 4 | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗ പരിശീലന കളരി<br>വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>വിവിധ പ്രസംഗങ്ങളുടെ ഓഡിയോ<br>,വീഡിയോ കേൾപ്പിക്കുന്നു<br>പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ | 6 മാസം | ട്രെയിനർ, അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | സജ്ജമാക്കുക | | | |
| 5 | ആശയം, ധാരണ എന്നിവ നേടിയെടുക്കാൻ പ്രാപ്തരാക്കുക | പാഠഭാഗത്തെ കഥാഭാഗങ്ങളുടെ ആശയം ഗ്രഹിക്കുന്നു.<br>കവിതാ ഭാഗങ്ങൾ ഉൾക്കൊണ്ട് സമകാലിക പ്രശ്നങ്ങളോട് പ്രതികരിക്കുന്നതിനുള്ള ശേഷി നേടുക<br>ലേഖനം,ലഘുലേഖ, എഡിറ്റോറിയൽ പരിചയപ്പെടൽ<br>തിരക്കഥ, നാടകം, യാത്രാവിവരണം പരിചയപ്പെടൽ<br>പത്ര റിപ്പോർട്ട്  പരിശീലനം<br>നിരൂപണം - ആസ്വാദനം പരിചയപ്പെടൽ | 10 മാസം | അധ്യാപകർ | |
| 6 | സർഗാത്മകത വളർത്തുക | കഥ ,കവിത, ലേഖനം എന്നിവ എഴുതുന്നതിനുള്ള ശേഷി നേടുന്നു.<br>റീൽസ് , ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണത്തിനുള്ള കഴിവ്  നേടുന്നു.<br>പാഠഭാഗത്തിന്  അനുയോജ്യമായ ചിത്രരചന ശേഷി വികസിപ്പിക്കുന്നു. | 5 മാസം | അധ്യാപകർ, പി.ടി.എ, ട്രെയിനർ | |

| അറബിക് | | | | | |
|---|---|---|---|---|---|
| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | വായന:<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി, വായനാശീലം വളർത്തുക, കുട്ടി നല്ല വായനക്കാരനാവുക. | • അറബിക് ലൈബ്രറി ശാക്തീകരണം.<br>• അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>• പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ..........<br>• വായനാ കോർണർ സ്ഥാപിക്കുന്നു | ജൂൺ - നവംബർ | സ്കൂൾ, അധ്യാപകർ, പൂർവ്വ വിദ്യാർഥികൾ. | |
| 2 | എഴുത്ത്:<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക. | • ഓരോ ക്ലാസ്സിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കൈയെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു.<br>• ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും.<br>• കൈയെഴുത്ത് മാഗസിനിന്റെ മികച്ച ആർട്ടിക്കിളുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | ആഗസ്റ്റ്- നവംബർ | ക്ലബ് അംഗങ്ങൾ, അധ്യാപകർ. | |
| 3 | അറിവിൻ തിളക്കം:<br>അറബിയിൽ അറിവ് നേടുക | • മാസാന്ത ക്വിസ്സ് കാർണിവൽ.<br>• ഓരോ മാസവും നിശ്ചിത തീയതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി ദർശിപ്പിക്കുന്നു<br>• കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു<br>• അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു | എല്ലാ മാസവും | അധ്യാപകർ. | |
| 4 | പ്രതിഭകളെ കണ്ടെത്തൽ:<br>1.അറബി ഭാഷയിൽ താൽപര്യവും കഴിവുമുള്ളവരെ കണ്ടെത്തി അവർക്ക് വേണ്ട പ്രോത്സഹനവും പിന്തുണയും | • ക്ലബ്ബ് രൂപീകരിക്കുന്നു.<br>• പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു.<br>• അറബി കലോത്സവത്തിന്റെ മുഴുവൻ ഇനങ്ങളിലേക്കും പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലൈ, ആഗസ്റ്റ്. | ഭാഷാഅധ്യാപകർ, കലാഅധ്യാപകൻ, പൂർവ്വ വിദ്യാർഥികൾ. | |

| | | | | | |
|---|---|---|---|---|---|
| | നൽകൽ.<br>2. അറബി കലോത്സവത്തിലെ സ്കൂളിന്റെ മികവ് നിലനിർത്തൽ. | • കണ്ടെത്തിയ പ്രതിഭകൾക്ക് ആവശ്യമായ പിന്തുണയും പരിശീലനവും നൽകുന്നു. | | | |
| 5 | ദിനാചരണങ്ങൾ:<br>1. വിവിധ ദിനാചരണങ്ങളെക്കുറിച്ച അവബോധം ഉണ്ടാക്കുക.<br>2. അവ ഭാഷയിൽ ആവിഷ്കരിക്കാൻ കുട്ടികളെ പ്രാപ്തമാക്കുക. | • ദിനാചരണത്തെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു. പ്രത്യേകിച്ചും ഭാഷയുമായി ബന്ധപ്പെട്ടവ.<br>• വായനാദിനം, പരിസ്ഥിതിദിനം, ലോകഅറബി ഭാഷാദിനം.. തുടങ്ങിയ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു<br>• അനുബന്ധ അറബിക് പോസ്റ്ററുകൾ ദർശിപ്പിക്കുന്നു | ജൂൺ-ജനുവരി. | അധ്യാപകർ. | |
| 6 | ആസ്വാദനം:<br>അറിവു നിർമാണം എളുപ്പമാക്കുന്നതിന് | • ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം ദർശനങ്ങൾ സംഘടിപ്പിക്കുന്നു.<br>• വീഡിയോ ക്ലിപ്പ്/റീൽ നിർമാണ മത്സരം സംഘടിപ്പിക്കുന്നു. | | അധ്യാപകർ. | |
| 7 | അറബിക് ഫെസ്റ്റ്:<br>ഭാഷയെക്കുറിച്ച് കൂടുതൽ അറിയുന്നതിന് | • അറബി ഭാഷയെക്കുറിച്ച് കൂടുതൽ അറിയാൻ ഫെസ്റ്റ് സംഘടിപ്പിക്കുന്നു.<br>• പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു.<br>• ഫീൽഡ് ട്രിപ്പ് | ഡിസംബർ, ജനുവരി. | അധ്യാപകർ, ക്ലബ്ബ് അംഗങ്ങൾ. | |
| 8 | ഭിന്നശേഷി വിദ്യാർഥികൾ:<br>1. വിവിധ കാരണങ്ങളാൽ ഭാഷാപഠനത്തിൽ പിന്നിലായി പോയവരെ ഉയർത്തുന്നതിന്.<br>2. പ്രതിഭയുള്ള കുട്ടികളെ പ്രത്യേകം പരിഗണിക്കുക. | ഉൾചേർന്ന വിദ്യാഭ്യാസം ഭാഷാപഠത്തിൽ ഫലപ്രദമാക്കുന്നതിനായി നിരന്തര മൂല്യനിർണയത്തിലൂടെ അത്തരക്കാരെ കണ്ടത്തുകയും. അവർക്ക് ആവശ്യമായ പിന്തുണയും പഠനപ്രവർത്തന ക്രമീകരണവും നടത്തും. | ജൂലൈ - ജനുവരി | അധ്യാപകർ | |

| ഉറുദു | | | | | |
|---|---|---|---|---|---|
| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരമെഴുത്ത് ചിഹ്നം ഉറപ്പിക്കൽ വാക്കുകൾ നിർമാണം അക്ഷരമാല പ്രദർശനം ഓൺലൈൻ അക്ഷരമാല കളികൾ വാക്കുകളുടെ നിർമ്മാണം വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ | ഉറുദു അധ്യാപിക | |
| 2 | വിദ്യാർത്ഥികളുടെ വായനാലോകം വിശാലമാക്കുന്നതിനും വായനയോടുള്ള താല്പര്യം ഉണ്ടാക്കുക. | വായനാദിനവുമായി ബന്ധപ്പെട്ട വായനാ മത്സരങ്ങളും പുതിയ പുസ്തക പരിചയത്തിനുള്ള അവസരങ്ങളും നൽകുകയും ചെയ്യുന്നവിവിധ പത്ര മാസികകൾ മഹാന്മാരുടെ ജീവചരിത്രങ്ങൾ എന്നിവ സംബന്ധിച്ചുള്ള പുസ്തകങ്ങൾ വായിക്കുന്നതിനുള്ള അവസരം നൽകുക വായനാവാരം ആഘോഷിക്കുകയും ഓരോ കുട്ടിയും ഒരു പുസ്തകം എങ്കിലും വായിച്ചു എന്ന് ഉറപ്പുവരുത്തുകയും പ്രോത്സാഹ സമ്മാനമായി പുസ്തകങ്ങൾ നൽകുക | ജൂൺ ജൂലൈ | ഉറുദു അധ്യാപിക | |
| 3 | രചനാപരമായ താൽപര്യം വളർത്തുന്നതിനുംസർഗ്ഗ രചനകളെ പരിപോഷിപ്പിക്കുക | കയ്യെഴുത്തു മാസിക പതിപ്പുകൾ എന്നിവ തയ്യാറാക്കുന്നതിനും അവസരം നൽകുക ഐസിടിയുടെ സഹായത്തോടെ കൈയെഴുത്ത് മാസികൾ വായിക്കുന്നതിനും അവസരം നൽകുക | ജൂലൈ | ഉറുദു അധ്യാപിക | |
| 4 | കവിതയുടെ ആശയം ഉൾക്കൊള്ളൽ ആസ്വാദനവും | ഓഡിയോ വീഡിയോ വഴി കവിതകൾ കണ്ടും കേട്ടും ആസ്വദിക്കാനുള്ള അവസരം കുട്ടികൾക്ക് ദൃശ്യാവിഷ്കാരം നടത്തുന്നതിനുള്ള അവസരവും കൊടുക്കുക | ജൂൺ മുതൽ | ഉറുദു അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| 5 | ഭാഷയോടുള്ള താല്പര്യം വളർത്തുന്നതിനും സംസാരശേഷി വളർത്തുന്നതിന് | പാഠഭാഗവുമായി ബന്ധപ്പെട്ട സിനിമകളും കാർട്ടൂണുകളും കാണുന്നതിൽ അവസരം കൊടുക്കുക | ഒക്ടോബർ നവംബർ | ഉറുദു അധ്യാപിക | |
| 6 | ക്ലബ്ബ് പ്രവർത്തനം | ട്ടികളെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് വിവിധ ക്ലബ്ബ് പരിപാടികൾ സജ്ജീകരിക്കുക | ജൂൺ മുതൽ | ഉറുദു അധ്യാപിക | |
| 7 | ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഉറുദു അധ്യാപിക | |
| 8 | സാഹിത്യത്തോടുള്ള താൽപര്യം വളർത്തുന്നതിനും ആ മേഖലയെ പരിചയപ്പെടുത്തുന്നതിന് | സാഹിത്യ ക്വിസ് ഉൾപ്പെടെയുള്ള വിവിധ മത്സര പരിപാടികൾ സംഘടിപ്പിക്കുക | ജൂൺ മുതൽ ഡിസംബർ വരെ | ഉറുദു അധ്യാപിക | |
| 9 | വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് | ആഴ്ചയിൽ ഒരു പിരീഡ് കുട്ടികളുടെ കലാപരമായ കഴിവുകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഉറുദു അധ്യാപിക | |
| 10 | കഥാപാത്രങ്ങളെ മികവോടെ അവതരിപ്പിക്കുന്നത് വഴി പാഠഭാഗംആസ്വാദ്യകരമാക്കുക | നാടകം കഥ കവിത തുടങ്ങിയ പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നതിന് കുട്ടികൾക്ക് അവസരം നൽകുക | ജൂൺ മുതൽ | ഉറുദു അധ്യാപിക | |
| 11 | ആശയവിനിമയം സുഗമമാക്കുന്നതിന് പ്രവർത്തനം | ഭാഷാപ്രാവീണ്യം നേടിയ വ്യക്തികളുമായി ആശയവിനിമയത്തിന് അവസരം നൽകുക | ജൂലൈ മുതൽ | ഉറുദു അധ്യാപിക | |

| ENGLISH | | | | | |
|---|---|---|---|---|---|
| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | Ensure the students capable to read, write and understand English. | Conducting pretest and follow activities | Saturday | Teachers<br>English Club | PTA |
| 2 | Equip them to communicate confidently in English | English library renovation, English story<br>English assembly | Classroom Activities<br>Academic Year | Teachers, SRG | English club |
| 3 | Give them opportunity to creative performance in English | Cinema and documentary-<br>Movie footage display to enhance profile and script writing<br>Visual presentation of sorted textual lessons, role-play, English Day elebration | Classroom activities/ Assembly | Teachers, SRG | School, PTA |
| 4 | Enable them for free reading and free writing | School English voice,context clues, word study ,sentence cards. | Classroom activities | Teachers, English Club | English club |
| 5 | Dramatisation | Picture reading, shortstory writing, public speaking, ESL games, E-news/news reading competitions | Classroom activities, Camp | Teachers, SRG | English club |
| 6 | Get them ready for recitation and versification in english | Radio theatre(Audio dramas), English assembly,puppet show,English audio lab.<br><br>Adapting a story or poem into a script for performance(one-act play,puppet show), interactive stories(allows readers to make choice) | Vacation(Onam/ Christmas).<br>English Fest (once in a year) | Teachers, English Club | PTA ,English club |
| 7 | Incorporating Technology for English language development | English Audio<br>Versification/poem composition,appreciation or review note,english magazine | Saturday/ vacation. | SRG,Teachers | English club |

## ഹിന്ദി

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിന് എതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരാക്കുന്നു. | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ. | June | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ് | |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെ കുറിച്ച് അറിവ് ഹിന്ദി ഭാഷയിലൂടെ നൽകുന്നു. പദസമ്പത്ത് വർദ്ധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. | സൂചന ബോർഡ് നിർമ്മാണം. | June | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ് | |
| 3 | വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പ്, സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയുടെ ആവശ്യകതയെ കുറിച്ച് മനസ്സിലാക്കുന്നു | പരിസ്ഥിതി ദിനം പോസ്റ്റർ നിർമ്മാണം. | June | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ് | |
| 4 | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും, എഴുതാ നും സാധിക്കാനും ആശയവിനിമ നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ ,CWSN,Slow learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തും. | June | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ് | |
| 5 | വായന ശീലം വളർത്തുന്നു, വായനയുടെ പ്രാധാന്യം മനസ്സിലാക്കുന്നു. | വായനാദിനം,<br>ഹിന്ദി ക്ലബ് രൂപീകരണം. | June | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| 6 | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | | June | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് | |
| 7 | പ്രേംചന്ദിനെ കുറിച്ച് അറിയാനും, ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ താൽപരരാക്കാനും, ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു. | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. | July | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് | |
| 8 | ഹിന്ദി ഭാഷയുടെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കുന്നു. | | September | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് | |
| 9 | മഹാത്മാഗാന്ധിയുടെ ജീവിതം അടുത്തറിയാനും അദ്ദേഹത്തിൻറെ ആശയങ്ങളിൽ നിന്നും പോരാട്ടങ്ങളിൽ നിന്നും പ്രചോദനം കണ്ടെത്തുന്നു, സ്കൂൾ പരിസരം വൃത്തിയാക്കുന്നു. | | October | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് | |
| 10 | ചാച്ചാജിയെ കുറിച്ച് അറിയാനും ദേശസ്നേഹം വർധിപ്പിക്കാനും പ്രസംഗം അവതരിപ്പിക്കുന്നതിലൂടെ ഭാഷയെ വികസിപ്പിക്കാനും സാധിക്കുന്നു. | | November | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് | |
| 11 | ഹിന്ദി ഭാഷയിൽ വാക്ചാതുരി ലഭിക്കുന്നു. | | 1 year | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് | |
| 12 | ഭാഷാജ്ഞാനം വർദ്ധിപ്പിക്കാനും, സർഗാത്മകതയെ പരിപോഷിപ്പിക്കുക | | 1 year | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് | |

## സയൻസ്

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കുക. | പഠന പ്രവർത്തനങ്ങളിൽ കൂടുതൽ പരീക്ഷണങ്ങൾ ഉൾപ്പെടുത്തുകയും കുട്ടികൾക്ക് സ്വയം പരീക്ഷണത്തിൽഏർപ്പെടാ നുള്ള അവസരങ്ങൾ നൽകുകയും ചെയ്യുക. | ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകർ. | |
| 2 | കുട്ടികൾക്ക് ശാസ്ത്രപഠനത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുക. | നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്തുന്ന വിവിധ ഉപകരണങ്ങളിൽ ഉൾക്കൊള്ളുന്ന ശാസ്ത്ര തത്വങ്ങളെ പരിചയപ്പെടുത്തുക.<br>. പഠനയാത്രകൾ സംഘടിപ്പിക്കുക( പ്ലാനറ്റോറിയം,ഔഷധ ഉദ്യാനങ്ങൾ etc). | ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകർ. PTA | |
| 3 | കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തുക. | . സയൻസ് ക്ലബ്ബ് രൂപീകരണം.<br>. സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിക്കുകയും കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | ജൂൺ രണ്ടാം വാരം<br>. സെപ്റ്റംബർ - ഒക്ടോബർ | ശാസ്ത്ര അധ്യാപകർ. | |
| 4 | ശാസ്ത്ര പഠനം പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിൽ സഹായിക്കുക. | . ആധുനിക കൃഷി രീതികൾ പരിചയപ്പെടുത്തുക. അവ നേരിട്ട് കാണാനുള്ള അവസരങ്ങൾ നൽകുക.<br>. വിവിധ വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക.<br>.ബഡ്ഡിങ്,ഗ്രാഫ്റ്റിംഗ്,ലയറിങ് തുടങ്ങിയവ നേരിൽ കാണാനുള്ള അവസരം നൽകുക. | ജൂൺ- ഒക്ടോബർ | ശാസ്ത്ര അധ്യാപകർ. PTA | |
| 5 | കുട്ടികളിൽ നേതൃപാടവം വർദ്ധിപ്പിക്കുക. | വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ.<br>. ദിനാചരണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ. | ജൂൺ - ഫെബ്രുവരി | സയൻസ് ക്ലബ്ബ് അംഗങ്ങൾ. | |

| | | | | | |
|---|---|---|---|---|---|
| 6 | പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ. | സ്കൂൾ ക്യാമ്പസിൽ പഴം -പച്ചക്കറി തോട്ടം,ഔഷധത്തോട്ടം തയ്യാറാക്കൽ.<br>. ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br>. സ്കൂൾ ക്യാമ്പസിൽ തണൽ മരങ്ങൾ നട്ടുപിടിപ്പിക്കൽ. | ജൂൺ - ഫെബ്രുവരി | ഹരിത ക്ലബ്ബ് | |
| 7 | ശാസ്ത്ര സാങ്കേതിക വളർച്ച സമൂഹ നന്മക്ക് വേണ്ടി ആയിരിക്കണമെന്ന ബോധം കുട്ടികളിൽ ഉണ്ടാക്കുക | ദിനാചരണങ്ങൾ ആഘോഷിക്കുക- ദിനാചരണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനത്തിലൂടെ ശാസ്ത്രം മാനവ പുരോഗതിക്ക്( സമൂഹ നന്മക്ക് ) എന്ന ആശയം കുട്ടികളിൽ ഉറപ്പിക്കുക. | ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് അംഗങ്ങൾ | |
| 8 | മാലിന്യമുക്ത -ആരോഗ്യ ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം സൃഷ്ടിക്കൽ. | പരിസര ശുചീകരണം.<br>. ശുചിത്വ ബോധവൽക്കരണം<br>. രക്ഷിതാക്കൾക്കും കുട്ടികൾക്കും ആരോഗ്യ ക്ലാസ്സ്,വൈദ്യ പരിശോധന.<br>. ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്.<br>. പ്ലാസ്റ്റിക് നിരോധിത ക്യാമ്പ്. | ജൂൺ -ജനുവരി | ഹരിത ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | |

| ഗണിതം | | | | | |
|---|---|---|---|---|---|
| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | എല്ലാ കുട്ടികളിലും ഗണിത ശാസ്ത്രത്തിൻറെ അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തൽ | Pre-test ചോദ്യ നിർമാണം, മൂല്യനിർണയം<br>പരിഹാര ബോധനത്തിനായി പഠനഗ്രൂപ്പ്, ബോധന സാമഗ്രികൾ തയ്യാറാക്കൽ, ആശയ ധാരണ ഉറപ്പിക്കൽ. | ജൂൺ - ജൂലൈ | ഗണിതാധ്യാപകർ | SRG |
| 2 | എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കൽ | Number Chart, Number Card, Abacus, Place Value Pocket Number Pattern, മാന്ത്രിക ചതുരം മുതലായവയുടെ നിർമാണവും അവ ഉപയോഗിച്ചുള്ള കളിയും | യഥാസമയങ്ങളിൽ | ഗണിതാധ്യാപകർ | SRG |
| 3 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപെട്ടിയുടെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | ഗണിതാധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 4 | ഗണിത ക്ലബ് രൂപീകരണം, സജീവമാക്കൽ | ഗണിത ക്ലബ് രൂപീകരണോൽഘാടനം, ഗണിത ക്വിസ്, ഗണിത സമസ്യകൾ, ബുള്ളറ്റിൻ ബോർഡുകളിൽ<br>സ്കൂൾ തല ഗണിത മാഗസിൻ<br>വിവിധ തരത്തിലുള്ള ചാർട്ടുകൾ, നിർമിതികൾ പ്രോജെക്റ്റുകൾ തയ്യാറാക്കൽ<br>ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടൽ (ആഴ്ചയിൽ ഓരോ ജീവചരിത്രം) | ജൂൺ - ജൂലൈ<br>എല്ലായ്പ്പോഴും | ഗണിതാധ്യാപകർ ഗണിത ക്ലബ് | SRG |
| 5 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിതാധ്യാപകർ ഗണിത ക്ലബ് | PTA |

| | | | | | |
|---|---|---|---|---|---|
| 6 | ഗണിത പഠനത്തിൽ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത പ്രോജക്ടുകളുടെ അവതരണം മാഗസിനുകളുടെ പ്രകാശനം | യഥാസമയങ്ങളിൽ | ഗണിതാധ്യാപകർ ഗണിത ക്ലബ് | PTA |
| 7 | പഠന നേട്ടങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതിനായി വർക്ക് ബുക്ക് | വിവിധ നിലവാരത്തിലുള്ള കുട്ടികൾക്കായി ഓരോ യൂണിറ്റിൽ നിന്നും വർക് ഷീറ്റുകൾ തയ്യാറാക്കി വർക്ക് ബുക്ക് ആക്കി നൽകുന്നു | രണ്ടാം ടേമിൽ | ഗണിതാധ്യാപകർ | SRG |
| 8 | മുന്നാക്കക്കാരുടെ ഉന്നമനത്തിന് തുടർപ്രവർത്തനം മെച്ചപ്പെടുത്തൽ | OMR മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കിയുള്ള പരീക്ഷകൾ | മാസത്തിൽ ഒന്ന് | ഗണിതാധ്യാപകർ | SRG |
| 9 | ICT യിലൂടെ ഗണിത പഠനം എളുപ്പമാക്കാൽ | * ഗണിതത്തിലെ ICT സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പഠനം<br>* ഗണിത രൂപങ്ങളുടെ നിർമിതികൾ<br>* കുട്ടികളുടെ സൃഷ്ടികൾ ബ്ലോഗുകളിൽ അപ്‌ലോഡ് ചെയ്യൽ | യഥാസമയങ്ങളിൽ | ഗണിതാധ്യാപകർ | SITC |
| 10 | ഗണിത മത്സര വേദിയിലേക്ക്. മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | * ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ.<br>* മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, ഗണിതാധ്യാപകർ പിടിഎ | PTA |
| 11 | ഗണിത ലാബ് നവീകരണം | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | ജൂൺ - മാർച്ച് | ഗണിതാധ്യാപകർ ഗണിത ക്ലബ് | SRG, SMC, PTA |
| 12 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ. നടത്തുന്ന ചുമതലകൾ നൽകുന്നു | യഥാസമയങ്ങളിൽ എല്ലാ അധ്യാപകരും | അധ്യാപകർ, ഹെഡ്മാസ്റ്റർ, പിടിഎ പ്രസിഡണ്ട് | അധ്യാപകർ, ഹെഡ്മാസ്റ്റർ, പിടിഎ പ്രസിഡണ്ട് |

| സോഷ്യൽ സയൻസ് | | | | | |
|---|---|---|---|---|---|
| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | കുട്ടിയുടെ ഇപ്പോഴത്തെ നില വിലയിരുത്തൽ | കുട്ടികൾ മുതിർന്ന ക്ലാസുകളിൽ പഠിച്ച അറിവുകളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉൾപ്പെടുത്തിയുള്ള ക്ലാസ് പരീക്ഷകൾ നടത്തുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2 | ക്ലബ്ബ് രൂപീകരണ പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു | സോഷ്യൽ സയൻസ് ക്ലബ്ബ് രൂപീകരണം | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3 | അറ്റ്ലസ് നിർമ്മാണം.<br>പ്രാദേശിക ചരിത്ര ബോധം വളർത്തുക | അറ്റ്ലസ് നിർമ്മാണവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് വേണ്ട പരിശീലനം നൽകുന്നു. പ്രാദേശിക ചരിത്രരചന<br>(പ്രാദേശിക വിവരശേഖരണം നടത്തി ചർച്ചചെയ്ത് തയ്യാറാക്കുന്നു) | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4 | ജനാധിപത്യ ബോധം വികസിപ്പിക്കൽ | കുട്ടികൾ ആദ്യം ക്ലാസ് ലീഡർ തെരഞ്ഞെടുപ്പ് നടത്തുന്നു അതിൽ വിജയിച്ചവർ ചേർന്ന് സ്കൂൾലീഡർ തിരഞ്ഞെടുപ്പിൽ പങ്കാളികളാകുന്നു<br><br>ഗ്രാമസഭ ,വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനം മനസ്സിലാക്കുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>എസ് എസ് ക്ലബ്ബ് | |
| 5 | നേരനുഭവം ലഭ്യമാക്കൽ | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6 | പതിപ്പ് തയ്യാറാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട സംഭവങ്ങളെയോ വ്യക്തികളെയോ ഉൾപ്പെടുത്തിയുള്ള പതിപ്പ് തയ്യാറാക്കൽ. | ജൂൺ മുതൽ ഫെബ്രുവരി വരെ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7 | സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ സംഭവങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനും, സിവിൽ സർവീസ് പോലുള്ള പരീക്ഷകൾ എഴുതാൻ കുട്ടികളെ പ്രാപ്തരാക്കുക. | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 8 | സ്കിറ്റ് അവതരണം | സ്വാതന്ത്ര്യസമര ചരിത്രമായി ബന്ധപ്പെട്ട വിഷയങ്ങളെ ആസ്പദമാക്കിയുള്ള സ്കിറ്റ് അവതരണം. | ഓഗസ്റ്റ് , ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

**ദിനാചരണങ്ങൾ:**

- ജൂലൈ 11 ജനസംഖ്യാദിനം
- ആഗസ്റ്റ് 6 ഹിരോഷിമ ദിനം
- ആഗസ്റ്റ് 9 നാഗസാക്കി ദിനം
- ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം
- ഒക്ടോബർ 2 ഗാന്ധിജയന്തി
- നവംബർ 1 കേരളപ്പിറവി
- ഡിസംബർ 10 മനുഷ്യാവകാശ ദിനം
- ജനുവരി 26 റിപ്പബ്ലിക് ദിനം

| കലാവിദ്യാഭ്യാസം | | | | | |
|---|---|---|---|---|---|
| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | പ്രകൃതിയുടെ സസൂക്ഷ്മ നിരീക്ഷണം | ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്തിച്ചു കുട്ടികൾ ഒരുമിച്ചു ക്യാൻവാസിൽ പ്രകൃതി ചിത്രങ്ങൾ വരയ്ക്കുന്നു | ജൂൺ 5 | കല അധ്യാപകൻ | |
| 2 | വ്യത്യസ്ത സംഗീത രീതികളും കലാകാരന്മാരെയും പരിചയപ്പെടൽ | വ്യത്യസ്ത സംഗീത രൂപങ്ങളേയും കലാകാരന്മാരെയും സംബന്ധിക്കുന്ന പ്രസന്റേഷൻ അവതരണം | ജൂൺ, ജൂലൈ | കല അധ്യാപകൻ | |
| 3 | പ്രശസ്ത ചിത്രകല പ്രതിഭകളെ പരിചയപ്പെടുന്നു | ജൂലൈ 29- വാൻഗോഗ് ദിനം.<br>ജൂലൈ 31- കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ ദിനം.<br>ഈ ദിനങ്ങളിൽ ഈ ചിത്ര കലാകാരന്മാരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള പ്രസന്റേഷൻ അവതരണം, കുട്ടികൾ വരച്ച കാർട്ടൂൺ ചിത്രങ്ങളുടെ പ്രദർശനം | ജൂലൈ | കല അധ്യാപകൻ | |
| 4 | വിവിധ സംസ്ഥാനങ്ങളിലെ വേഷം, സംസ്കാരം, പ്രധാന ചരിത്ര സംഭവങ്ങൾ എന്നിവ മനസ്സിലാക്കൽ., സംഘ അവതരണത്തിലൂടെ 'ഒരുമയോടെ എങ്ങനെ പ്രവർത്തിക്കാം' എന്ന ആശയം മനസിലാക്കുന്നു | സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു കുട്ടികൾ ഗ്രൂപ്പ് ആയി ദേശഭക്തി ഗാനങ്ങൾ പാടുന്നു | ആഗസ്റ്റ് 15 | കല അധ്യാപകൻ | |
| 5 | അധ്യാപകർ കുട്ടികളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയൽ | സെപ്റ്റംബർ 5: ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് കുട്ടികൾ അധ്യാപകരോടൊത്തുള്ള ക്ലാസ്സ് റൂം രംഗങ്ങൾ പെൻസിൽ ഡ്രോയിങ് ചെയ്ത് പ്രദർശിപ്പിക്കുന്നു | സെപ്റ്റംബർ 5 | കല അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | തനതു പ്രദേശത്ത് നില നിൽക്കുന്ന കേരളീയ സാംസ്കാരീ കതയെ അറിയൽ | കേരളപ്പിറവിയോട് അനുബന്ധിച്ച് നമ്മുടെ നാട്ടിലെ വിവിധ പ്രദേശങ്ങളിൽ നാടൻ പാട്ടുകളുടെ അവതരണം | | | |
| 6 | ആസ്വാദന ശേഷി വർധിപ്പിക്കൽ | ഫെബ്രുവരി 13: ഓഎൻവി കുറുപ്പ് ഓർമ ദിന ത്തോടനുബ ന്ധിച്ച് onv കവിത, ഓഎൻവിയുടെ സിനിമാ ഗാനങ്ങൾ എന്നിവ പാടുക | ഫെബ്രുവരി 13 | കല അധ്യാപകൻ | |

| പ്രവൃത്തി പരിചയം | | | | | |
|---|---|---|---|---|---|
| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | പ്രകൃതി സൗഹൃദ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക | കൃഷി ( പൂന്തോട്ട നിർമാണം /പച്ചക്കറി തോട്ടം | ജൂൺ - ആഗസ്റ്റ് | പ്രവൃത്തി പഠന ക്ലബ് | PTA, കൃഷിഭവൻ |
| 2 | സ്വയം വരുമാന മാർഗം, സ്വയം പര്യാപ്തത | ക്യാരിബാഗ് നിർമ്മാണം | സെപ്റ്റംബർ | പ്രവൃത്തി പഠന അധ്യാപിക | |
| 3 | ചിലവ് കുറഞ്ഞ പോഷകാഹാരങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യ വ്യവസായം - ഫുഡ് ഫെസ്റ്റ് | നവംബർ | പ്രവൃത്തി പഠന ക്ലബ് | |
| 4 | പ്രിന്റിംഗ് മേഖലയിലെ വിവിധ തരം രീതികൾ മനസിലാക്കുക | വസ്തുങ്ങളിലുള്ള വിവിധ തരം പ്രിന്റിംഗ് പരിശീലനം | ജനുവരി | പ്രവൃത്തി പരിചയ അധ്യാപിക | PTA |
| 5 | വ്യത്യസ്ത പരിപാടികൾ ഡോക്യുമെന്റ് ചെയ്തു സൂക്ഷിക്കുന്നതിനുള്ള കഴിവ് നേടുന്നു | മാധ്യമങ്ങളും വിനോദവും/ സ്കൂൾ ചരിത്രം, ഡിജിറ്റൽ ഡോക്യുമെന്റേഷൻ | ഫെബ്രുവരി | പ്രവൃത്തി പരിചയ ക്ലബ് | PTA |